**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4317** **28-10-2021 - ൽ മറുപടിയ്ക്ക്**

**കൽക്കരി ക്ഷാമവും വൈദ്യുതി പ്രതിസന്ധിയും**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഡി കെ മുരളി | | **Shri. K. Krishnankutty**<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | കൽക്കരിയുടെ ക്ഷാമം മൂലം സംസ്ഥാനത്ത് വൈദ്യുതി പ്രതിസന്ധിയുണ്ടാകുമെന്ന് വിലയിരുത്തിയിട്ടുണ്ടോ; | (എ) | കൽക്കരി ക്ഷാമം മൂലം കേന്ദ്രപൂളിൽ നിന്നും ദീർഘ കാല കരാറുകൾ വഴിയും സംസ്ഥാനത്ത് ലഭ്യമാകുന്ന വൈദ്യുതിയിൽ കുറവ് ഉണ്ടായിട്ടുണ്ട്. താപ നിലയങ്ങളിൽ നിന്നും കേരളത്തിന് ലഭിക്കേണ്ട വൈദ്യുതിയിൽ ഏകദേശം 5-6% കുറവ് വന്നതായി കണക്കാക്കുന്നു. ഈ കുറവ് പ്രധാനമായും വൈകുന്നേരങ്ങളിലെ ലഭ്യത യെയാണ് ബാധിക്കുന്നത്. സംസ്ഥാനത്ത് ഇപ്പോൾ മഴ ശക്തമായതിനാൽ ഉപഭോഗം താരതമ്യേന കുറഞ്ഞിട്ടുണ്ട്. ഇതിനാൽ കൽക്കരി ക്ഷാമം മൂലമുള്ള വൈദ്യുതി ദൗർലഭ്യം തീവ്രമായി സംസ്ഥാനത്തെ ബാധിച്ചിട്ടില്ല. കൽക്കരി ക്ഷാമം തുടരുകയും ടി ക്ഷാമം മൂലം പുറത്ത് നിന്നും സംസ്ഥാനത്തിന് ലഭിക്കേണ്ട വൈദ്യുതിയിൽ ഗണ്യമായി കുറവ് ഉണ്ടാകുകയും ചെയ്താൽ വൈദ്യുതി പ്രതിസന്ധി രൂക്ഷമാകാം . |
| (ബി) | ഉണ്ടെങ്കിൽ പ്രതിസന്ധി നേരിടുന്നതിന് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ എന്തൊക്കെയെന്ന് വ്യക്തമാക്കാമോ; | (ബി) | വൈദ്യുതി ലഭ്യതയിലുള്ള കുറവ് നികത്തുന്നതിനായി അതാത് സമയങ്ങളിൽ പവർ എക്സ്ചേഞ്ചിൽ നിന്നും ഉയർന്ന നിരക്കിൽ വൈദ്യുതി വാങ്ങിയും കൂടാതെ ജലവൈദ്യുത പദ്ധതികളിൽ നിന്നുള്ള ഉല്പാദനം താൽക്കാലികമായി ഉയർത്തിയും പ്രതിസന്ധി തരണം ചെയ്യുന്ന സമീപനമാണ് സ്വീകരിച്ചിട്ടുള്ളത്. വൈദ്യുതിയുടെ ദൗർലഭ്യം കണക്കിലെടുത്ത് വൈകുന്നേരങ്ങളിലെ ഉപഭോഗം പരമാവധി കുറയ്ക്കാൻ പൊതു ജനങ്ങളോട് ദൃശ്യശ്രാവ്യ മാധ്യമങ്ങൾ മുഖേന അഭ്യർത്ഥിച്ചിട്ടുണ്ട്. നിലവിലെ കൽക്കരി ക്ഷാമത്തിന്റെ പശ്ചാത്തലത്തിൽ വൈദ്യുതി ദൗർലഭ്യമുള്ള സംസ്ഥാനങ്ങളോട് കേന്ദ്ര നിലയങ്ങളിൽ നിന്നുള്ള വൈദ്യുതി വിഹിത ത്തിലെ unallocated share ആയ 15% ൽ നിന്നും വൈദ്യുതി വിഹിതം ഉപയോഗിക്കാൻ കേന്ദ്ര സർക്കാർ ആവശ്യപ്പെട്ടിരുന്നു. നിലവിലെ ദൗർലഭ്യം മറികടക്കുന്നതിനായി വൈകുന്നേരം 6 മണി മുതൽ |

| | | | |
|---|---|---|---|
| | | | രാത്രി 11.00 മണി വരെയുള്ള സമയത്ത് കേന്ദ്ര പൂളിൽ നിന്നും (15% unallocated share) 100 MW വൈദ്യുതി ലഭ്യമാക്കുന്നതിന് സംസ്ഥാനം കേന്ദ്ര സർക്കാരിനോട് അപേക്ഷിച്ചിട്ടുണ്ട്. ഇത് സംബന്ധിച്ച ഉപാധികളും നിബന്ധനകളും അറിയിക്കാനും അഭ്യർത്ഥിച്ചിട്ടുണ്ട്. |
| (സി) | കൽക്കരിയിൽ നിന്ന് ഉല്പാദിപ്പിക്കുന്ന ഇനത്തിൽ സംസ്ഥാനത്തിന് എത്ര മെഗാവാട്ട് വൈദ്യുതി ലഭിക്കുന്നുവെന്ന് വിശദമാക്കാമോ? | (സി) | കൽക്കരിയിൽ നിന്നും ഉല്പാദിപ്പിക്കുന്ന ഇനത്തിൽ സംസ്ഥാനത്തിന് ഏകദേശം 2147.57 MW (ദീർഘകാല കരാറുകൾ വഴി 1149 MW ഉം കേന്ദ്ര വിഹിതമായി 998.57 MWഉം) വൈദ്യുതി ലഭിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ